# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം**

**നമ്പർ. 6283** **11.07.2012 ൽ മറുപടിക്ക്**

**പ്രവാസികൾ നാട്ടിലേയ്ക്ക് പണം അയയ്ക്കുമ്പോൾ നികുതി ഈടാക്കൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. ഉമ്മൻ ചാണ്ടി.<br>(ബഹു. മുഖ്യ മന്ത്രി) |
| (എ) പ്രവാസികൾ നാട്ടിലേയ്ക്ക് പണം അയയ്ക്കുമ്പോൾ കൈമാറ്റം ചെയ്യുന്ന പണത്തിന് ബാങ്കുകൾ ഈടാക്കുന്ന നിരക്കിൽ നിശ്ചിത ശതമാനം സേവന നികുതി ഈടാക്കാനായുള്ള നീക്കത്തിൽ പ്രവാസികൾക്കുള്ള ഉൽകണ്ഠ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ബാങ്കുകൾ ഈടാക്കുന്ന കമ്മിഷനാണ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് നൽകേണ്ടത് ബാങ്ക് തന്നെയാണെന്നാണ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്. |
| (ബി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) 2012 ജൂലൈ 2, 3 തീയതികളിൽ ഡൽഹിയിൽ നടത്തിയ ചർച്ചകളിൽ ഈ കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഈ നികുതി ബാങ്കുകൾ പ്രവാസികളിലേയ്ക്ക് കൈമാറാൻ ഇടയുണ്ടെന്നുള്ള കാര്യവും കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ